# പള്ളികഥകൾ

## മിനികഥകൾ മുപ്പത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ പള്ളിയെ ജനങ്ങൾ സ്നേഹിക്കണമെന്ന ആത്മാത്ഥമായ താല്പര്യത്തോടു കൂടിയാണ് ഇന്നത്തെ ഈ കഥ പറയാൻ തുടങ്ങിയത്. അമേരിക്കയിലെ ഒരു പള്ളിയുടെ ചുമതലയിൽ ഇരിക്കുമ്പോൾ നടന്നതാണിത്.

## ചക്കാത്ത്

ആ ദേവാലയത്തിൽ എല്ലാ ഞായറാഴ്ചയും പള്ളി തുറന്ന കഴിഞ്ഞാൽ പതിവായി വരുന്ന പ്രായമായ ഒരു ദമ്പതികൾ ഉണ്ട്. ഞായറാഴ്ച കാലത്തുള്ള ആരാധനകളിൽ മാത്രമേ അവരെ കണ്ടിട്ടുള്ളു. ആരാധന കഴിഞ്ഞാൽ ഭക്ഷണം കഴിക്കാനും അവർ കാണും. എപ്പോഴെങ്കിലും മെത്രാച്ചൻ വരികയാണെങ്കിൽ അവർ ഭക്ഷണം കഴിക്കുന്ന മേശയിൽ അവരോടൊപ്പം ഭക്ഷണം കഴിക്കാനും അദ്ദേഹത്തെ കാണും. പല പ്രാവശ്യമിങ്ങനെ ആയപ്പോൾ അച്ചൻ അവരെക്കുറിച്ചന്വേഷിച്ചു:

തങ്കച്ചനും തങ്കമ്മാമ്മയും. ഏകദേശം എഴുപതിനു മേൽ അവക്ക് പ്രായമുണ്ട്. കൊട്ടാരസമാനമായുള്ള വലിയ ഒരു വീട്ടിലാണ് അവർ താമസിക്കുന്നത്. കൂടാതെ ഏറ്റവും വില കൂടിയ ഒരു വാനും ഒരു കാറും അവക്കുണ്ട്. രണ്ടു പേരും കൂടെ ഒന്നിച്ച് റിയൽ എസ്റ്റേറ്റിന്റെ പണി സ്വന്തം വീട്ടിലിരുന്നുകൊണ്ട് ചെയ്യുകയാണ്. ദീഘകാലമായി അവർ വിവാഹിതരായിട്ടെങ്കിലും പ്രായമായ അവക്ക് സന്താന സൗഭാഗ്യം ഇല്ല. ഇപ്പോൾ വളരെ കുറച്ചു കാലമേ ആയിട്ടുള്ളു അവർ ഈ സ്ഥലത്തേക്ക് വന്നിട്ട്. എന്നാൽ ഇതുവെരയായിട്ടും അവർ പള്ളിയിലെ മെമ്പർഷിപ്പുപോലും എടുത്തിട്ടില്ലന്നതും കൂടാതെ പള്ളിയിൽ വന്നാൽ കൈമുത്തു പോലും ഇടാറില്ല. ചുരുക്കി പറഞ്ഞാൽ ഒരു ചക്കാത്തു പരിപാടി.

ആ പള്ളിയിൽ ജന്മദിന പ്രാത്ഥനയിൽ അവരുടെ പേരു പോലും ഉൾകൊള്ളിച്ചിട്ടില്ലന്നതു കൂടാതെ അവക്കതിൽ താല്പര്യവും ഇല്ല; അവരതിൽ വിശ്വസിക്കുന്നുമില്ല. പള്ളിയിൽ വരുന്ന എല്ലാ മെത്രാച്ചന്മാരേയും നാട്ടിൽ വെച്ചറിയാകുന്നതുകൊണ്ട് അവർ ഭക്ഷണം കഴിക്കാൻ വരുമ്പോൾ അവരുമായി വത്തമാനം പറഞ്ഞിരുന്ന് അവരോടൊന്നിച്ച് ഭക്ഷണം കഴിക്കാൻ നിബ്ബന്ധിതനായിപോകുന്നു എന്നാണ് തങ്കച്ചന്റെ ഭാഷ.

ഒരിക്കൽ നിബ്ബന്ധമായി നമ്മുടെ അച്ചൻ അവരുടെ വീട്ടിൽ പോയി. നേരത്തെ അപ്പോയിൻമെന്റെടുത്തതിനു ശേഷമാണ് അവിടെ ചെല്ലുന്നത്. അവർ വളരെ തിരക്കിൽ ജോലി ചെയ്യുന്ന ആൾക്കാരാണ്. ആ വീട്ടിൽ മലയാളികളായി ആരും തന്നെ ഇതുവെരെ ചെന്നിട്ടില്ല. ബിസിനസ്സ് സംബന്ധിച്ചല്ലാതെ ആരും കുശലം പറഞ്ഞു ചെന്നിട്ടില്ല; അവക്കതിന് സമയവുമില്ല.

അമേരിക്കയിലുള്ളവർ തന്നെ നിബ്ബന്ധമായി ആവശ്യപ്പെട്ടതിൻ പ്രകാരമാണ് അവർ ഈ സ്ഥലത്തേക്ക് സ്ഥിര താമസത്തിന് വന്നതു തന്നെ. അവിടെ യാതൊരു വിധത്തിലും ഒരു മലയാളിയും ഇതുവെരെ വന്നിട്ടില്ലന്നു മാത്രമല്ല ദീഘകാലത്തെ അമേരിക്കയിലെ താമസത്തിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ളതിൽ ഈ മലയാളികളുമായി ഇടപെട്ടാൽ അത് ഒരു ഉപദ്രവമായി മാത്രമേ കലാശിച്ചിട്ടുള്ളു. നമ്മളെ ആത്മാത്ഥമായി സ്നേഹിക്കാനോ സഹായിക്കാനേ ഇവിടെ ഒരു മലയാളിയും ഇല്ല. അവരുടെ കൂടെ കൂടിയാൽ അവർ പാരപണിയുമെന്നാവരുടെ അഭിമതം.

പള്ളിയിൽ പോകണം പ്രാത്ഥിക്കണം. നമ്മുടെ സ്വന്തം ഭാഷയിൽ അവിടെ ഒരുപള്ളിയുള്ളപ്പോൾ അവിടെ പോകുന്നതും പ്രാത്ഥിക്കുന്നതും നല്ലതാണല്ലോയെന്നു കരുതി. അവിടെ കൊടുക്കുന്ന നേർച്ച കഴിക്കുന്നത് നല്ലതാണല്ലോയെന്നു കരുതി കഴിക്കുന്നു. ആക്കെങ്കിലും അതിന് വിരോധമുണ്ടെങ്കിൽ അവർ അത് കഴിക്കാൻ പോകത്തുമില്ല. അതിനേക്കാൾ നല്ല ഭക്ഷണം അവരുടെ വീട്ടിലുണ്ടാക്കി അവർ കഴിക്കുന്നുണ്ട്. ഇത്രയുമധികം ആൾക്കാർ ഉള്ള ഈ പള്ളിയിൽ പ്രത്യേകിച്ച് അവർ പണം കൊടുക്കേണ്ടതില്ലല്ലോയെന്നാണ് അവരുടെ ചിന്ത.

"പള്ളിയിൽ വന്നാൽ കൈമുത്തിടാത്തതെന്താണ്?"

"കത്താവ് ഈ ഭൂമിയിൽ വന്ന് ഇത്രയും കാലം എന്തെല്ലാം കാര്യങ്ങൾ ചെയ്തു! ആരോടെങ്കിലും ഒരു ചില്ലി കാശു വാങ്ങിച്ചോ? കത്താവിന് പണത്തോട് ഒട്ടും ഇഷ്ടമല്ല"

"അപ്പോൾ പള്ളിയിൽ കൈമുത്തിടുന്നത് ശരിയല്ലന്നാണോ പറയുന്നത്!"

"ഇതൊന്നും ശരിയോ തെറ്റോയെന്ന് ഞാൻ പറയുന്നില്ല; പറയത്തുമില്ല."

"അപ്പോൾ ഈ പള്ളികളുടെ ചിലവെല്ലാം എങ്ങിനെ നടക്കും?"

"അതെന്റെ ചിന്താവിഷയമല്ല. പള്ളിക്ക് ഞാൻ പണം തരണമെങ്കിൽ എന്റെ കയ്യിൽ പണം വേണം. എന്റെ കയ്യിൽ പണം ഉണ്ടാകണമെങ്കിൽ ജനങ്ങൾ തരണം. നമ്മുടെ ഈ ജനങ്ങൾ ആരെങ്കിലും എനിക്ക് നന്മയുണ്ടാകട്ടെയെന്നു കരുതി ആരെങ്കിലും എനിക്ക് പണം തരുമോ? ഇപ്പോൾ തന്നെ ഇവിടെ വന്നതിനു ശേഷം എത്ര പ്രാവശ്യം ഇവിടുത്തെ പോലീസുകാർ എനിക്കും എന്റെ ഭാര്യയ്ക്കും ടിക്കറ്റെഴുതി തന്ന് പണം വാങ്ങി. ഇവിടെ വന്നശേഷം എത്രപ്രാവശ്യം അപകടം ഉണ്ടായി പണം ചിലവായി. ആരെങ്കിലും ഉണ്ടോ ഒന്നു സഹായിക്കാൻ?"

"നിങ്ങൾ പറയുന്നതിനോട് ഞാൻ പൂണ്ണമായും യോജിക്കുന്നുണ്ട്. എന്നാൽ ദൈവം നിങ്ങൾക്കു തരുന്നതിന്റെ ദശാംശം നിങ്ങൾ ദൈവത്തിന് കൊടുക്കാൻ ബാദ്ധ്യസ്ഥനാണെന്നുള്ള കാര്യം മറക്കരുത്. പഴയ നിയമത്തിൽ കൂടെ ദൈവം ആവശ്യപ്പെട്ടിട്ടുള്ളതാണത്. അപ്പോൾ നിങ്ങൾ മോഷ്ടാവാണ്. ദൈവത്തിന്റെ പണം മോഷ്ടിക്കുന്നവനാണ്. അങ്ങിനെയുള്ള നിങ്ങളുടെ പണം മറ്റിനത്തിൽ കൂടെ ദൈവം നിങ്ങൾക്ക് നഷ്ടപ്പെടുത്തി നിങ്ങളെ ബോദ്ധ്യപ്പെടുത്തിയാലും നിങ്ങൾ പഠിക്കത്തില്ലങ്കിൽ; സാറേ എന്നെ എത്ര തല്ലിയാലും ഞാൻ ശരിയാകത്തില്ലന്ന് ഒരു വിദ്യാത്ഥി പറഞ്ഞതുപോലെയാണ്. ഞാനോ പറയുന്നത്, നിങ്ങൾ വിധവയുടെ ചില്ലികാശുപോലെ ദൈവത്തിന് കൊടുക്കുകയെന്നാണ്"

"അതെന്താണ്. അതിന്റെ അത്ഥം മനസ്സിലായില്ലല്ലോ"

"വിധവയുടെ കയ്യിലുണ്ടായിരുന്ന ആകെ സമ്പാദ്യം മുഴുവനും അവൾ പള്ളിയിൽ ഇട്ടു. അവൾക്ക് ഒരിക്കലും ഒന്നിനും മുട്ടുണ്ടായില്ല"

തങ്കച്ചന്റെ മനസ്സിൽ അച്ചൻ പറഞ്ഞത് ആഴമായി കടന്നു. അടുത്ത ഞായറാഴ്ച പള്ളിയിൽ ചെന്ന് അവിടുത്തെ മെമ്പർഷിപ്പെടുത്തു. പള്ളിക്കു കൊടുക്കാനുള്ള തുക മുഴുവനും കൊടുത്തതും കൂടാതെ ഇത്രയും കാലം കൊടുക്കാതിരുന്ന തുക മുഴുവനും കൊടുത്തു. ഇനിയും മുതൽ ലഭിക്കുന്ന പണത്തിന്റെ ദശാംശം കൊടുത്തു. ആ തുക അയാൾക്ക് വഷാവഷം ടാക്സ് റിട്ടേൺ ചെയ്യുമ്പോൾ അതിൽ കാണിച്ച് അതു കുറച്ച് ടാക്സ് കൊടുത്താൽ മതിയല്ലോയെന്നു മനസ്സിലാക്കി. അയാൾക്കുണ്ടാകുന്ന അനാപത്തു ചെലവുകളും കഷ്ടതകളും അതോടെ മാറികിട്ടുകയും ചെയ്തു.